## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3046 07/02/2018- ൽ മറുപടിയ്ക്ക്

## സംസ്ഥാന സ്കൂൾ കലോത്സവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പാറയ്ക്കൽ അബ്ദുല്ല** | | **പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സ്കൂൾ കലോത്സവ മത്സരങ്ങളിൽ എ ഗ്രേഡ് കിട്ടിയവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് ലഭിക്കുന്ന എല്ലാ മത്സരാർത്ഥികൾക്കും സാംസ്കാരിക സ്കോളർഷിപ്പ് ഇനത്തിൽ 1000 രൂപ നല്കുന്നുണ്ട്. ഗ്രേസ് മാർക്ക് ഇനത്തിൽ 30 മാർക്കും നൽകുന്നുണ്ട്. |
| (ബി) | കഴിഞ്ഞ വർഷം കണ്ണൂരിൽ നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മത്സരിച്ച വിദ്യാർത്ഥികളിൽ നാല്പത്തിയൊൻപതിലധികം പേർ അനർഹരായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനർഹരായി പങ്കെടുത്തവരുടെ വിവരങ്ങൾ ക്രൈംബ്രാഞ്ച് ശേഖരിക്കുകയും അന്വേഷണം നടത്തിവരികയും ആണ്. |
| (സി) | ബാലാവകാശ കമ്മീഷന്റെ പേരിലുള്ള വ്യാജ അപ്പീലുകളിലൂടെയാണിവർ മത്സരത്തിൽ പങ്കെടുത്തതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (സി) | വ്യാജ അപ്പീലിലൂടെ മത്സരിച്ചിട്ടുള്ള-താണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ ഇപ്പോൾ ക്രൈംബ്രാഞ്ചിന്റെ അന്വേഷണ പരിധിയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇത്തവണ തൃശ്ശൂരിൽ നടന്ന കലോത്സവത്തിലും ഇത്തരം വ്യാജ അപ്പീലുകൾ അനുവദിക്കപ്പെട്ടുകയുണ്ടായോ; എങ്കിൽ എത്ര അപ്പീലുകളാണ് അനുവദിച്ചത്; ഇത് സംബന്ധമായി വിദ്യാഭ്യാസവകുപ്പ് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്; | (ഡി) | തൃശ്ശൂരിൽ നടന്ന കലോത്സവത്തിൽ 10 വ്യാജ അപ്പീലുകൾ കണ്ടെത്തിയിരുന്നു. അതിനെ തുടർന്ന് തൃശ്ശൂർ ലോക്കൽ പോലീസിൽ പരാതി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത വ്യാജ അപ്പീലുകൾ ക്രൈംബ്രാഞ്ച് ശേഖരിക്കുകയും അന്വേഷണം നടത്തിവരികയും ആണ്. |
| (ഇ) | വൻതുക വാങ്ങി അപ്പീൽ ഉത്തരവ് സംഘടിപ്പിച്ചുകൊടുക്കുന്ന തട്ടിപ്പ് സംഘങ്ങളാണ് ഇതിനു പിന്നിലെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | (ഇ) | പ്രസ്തുത വിഷയം ക്രൈംബ്രാഞ്ചിന്റെ അന്വേഷണ പരിധിയിലാണ്. അന്വേഷണ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

Sd/-
സെക്ഷൻ ഓഫീസർ